LIBRARY ARCHIVES Kerala Legislative Assembly

കളമ്പ് രോഗം

192 (3168) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമ്പ് രോഗം ബാധിച്ച് നടപ്പ് വർഷം അടൂർ നിയോജക മണ്ഡലത്തിൽ ചെറുകിട ക്ഷീരകർഷകരുടെ പശുക്കൾ ചത്തതിനുള്ള നഷ്ടപരിഹാര അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ ;

(ബി) എത്ര അപേക്ഷകൾ ഇതുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണനയിലാണെന്നുള്ള വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(സി) അപേക്ഷകളിന്മേൽ നടപ്പുവർഷം നഷ്ടപരിഹാരം നൽകിക്കഴിഞ്ഞവയുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) ഇനിയും നഷ്ടപരിഹാരം നൽകാനുള്ളവയ്ക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കളമ്പുരോഗം ബാധിച്ച് നടപ്പുവർഷം അടൂർ നിയോജകമണ്ഡലത്തിൽ ചെറുകിട ക്ഷീര കർഷകരുടെ പശുക്കൾ ഒന്നുംതന്നെ മരണപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

നാഷണൽ പ്രോജക്ട് ഫോർ ബൊവൈൻ ബ്രീഡിംഗ്

193 (3169) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ പ്രോജക്ട് ഫോർ ബൊവൈൻ ബ്രീഡിംഗ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സഹ്യപർവ്വത മേഖലയിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നിലവിലുള്ള ജീവനക്കാരുടെ തൊഴിലിനെ ബാധിക്കുമോ ;

(സി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കൃത്രിമ ബീജദാനം നടത്തുവാൻ എത്ര ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ ; കർഷകർക്ക് ഇപ്പോൾ സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന കൃത്രിമ ബീജദാന സേവനം തുടർന്നും സൗജന്യമായി ലഭിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മുഖേന മൃഗസംരക്ഷണ വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്തെ കന്നുകാലികളുടെ കൃത്രിമ ബീജദാന സമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുക, പശുക്കളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കർഷകരുടെ പരിശീലനം, ഈ മേഖലയിലുള്ള ടെക്നീഷ്യൻമാർക്കുള്ള പരിശീലനം, വന്ധ്യത നിവാരണ ക്യാമ്പുകൾ, നാടൻ ജനുസ്സ് പശുക്കളുടെ സംരക്ഷണം മുതലായവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ. 2014-15 വർഷത്തേക്ക് ഈ പദ്ധതിക്കായി 12 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല

(സി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 2504 സ്ഥാപനങ്ങളിൽ വെറ്ററിനറി ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഉൾപ്പെടെ ഏകദേശം 3632 ജീവനക്കാർ കൃത്രിമ ബീജദാനം നടത്തുവാനുണ്ട്. ഇപ്പോൾ സർക്കാർ തലത്തിൽ നൽകുന്ന സൗജന്യ കൃത്രിമ ബീജദാനസേവനം തുടർന്നും സൗജന്യമായി ലഭിക്കുന്നതാണ്.

പശുഗ്രാമം

194 (3170) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശുഗ്രാമം സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതി ഏത് ജില്ലയിൽ ഏത് വിധത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly